# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2764**

09-05-2017 ൽ മറുപടിയ്ക്ക്

## ചെറിയ തുറമുഖങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) 2017-18 കാലയളവിൽ ഏതെല്ലാം ചെറിയ തുറമുഖങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; വിശദ വിവരം നൽകുമോ ; | (എ) | കൊല്ലം, അഴീക്കൽ, പൊന്നാനി, കൊടുങ്ങല്ലൂർ, ആലപ്പുഴ, ബേപ്പൂർ, വിഴിഞ്ഞം എന്നീ തുമുഖങ്ങളാണ് 2017-18 കാലയളവിൽ നവീകരിക്കാൻ ഉദ്ദേശിക്കുന്നത്. കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം, വിഴിഞ്ഞം തുറമുഖത്തെ സീവേർഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, എന്നിവ വിവിധഘട്ടങ്ങളിലാണ്. 46 കോടി രൂപ മുതൽ മുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പൊന്നാനി തുറമുഖം പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് നിർമ്മിക്കുന്നത്. ഇതിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതിയനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങി കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) കൂടുതൽ ചെറിയ തുറമുഖങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ